## അധികാരത്തിന്റെ നിർവചനം

**I. അധികാരം എന്നതിന്റെ നിർവചനം**

- വേദപുസ്തകത്തിൽ, അധികാരം എന്നത് "അധികാരം പ്രയോഗിക്കാനുള്ള ധാർമ്മിക അവകാശമാണ്, അത് ആത്യന്തികമായി ദൈവത്തിൽനിന്ന് രൂപംകൊള്ളുകയും ഉത്ഭവിക്കുകയും ചെയ്യുന്നു."

## പരമോന്നത അധികാരം

**II. ദൈവമാണ് പരമോന്നത അധികാരം; അവന് സകല അധികാരവുമുണ്ട്**

- ദൈവത്തിന്റെ അധികാരം ദൈവത്തെത്തന്നെ പ്രതിനിധീകരിക്കുന്നു; ദൈവത്തിന്റെ ശക്തി ദൈവത്തിന്റെ പ്രവൃത്തികളെ മാത്രമേ പ്രതിനിധീകരിക്കുന്നുള്ളൂ
- ദൈവത്തിന്റെ അധികാരം വാസ്തവത്തിൽ ദൈവം തന്നെയാണ്; അധികാരം ദൈവത്തിന്റെ സ്വന്തം ആളത്തത്തിൽനിന്ന് പുറപ്പെടുന്നു
- ദൈവവുമായുള്ള നമ്മുടെ ബന്ധത്തിൽ, ആധികാരത്തെ സ്പർശിക്കുന്നതിനെക്കാൾ പ്രാധാനമായ മറ്റൊന്നുമില്ല
- അധികാരത്തെ അറിയുന്നത് ബാഹ്യമായ ഒരു പഠിപ്പിക്കലല്ല, ആന്തരികമായ ഒരു വെളിപാടാണ്
- ദൈവത്തിന്റെ അധികാരത്തെ നാം കണ്ടുമുട്ടുമ്പോൾ മാത്രമേ നമുക്ക് ദൈവം നിയമിക്കുന്ന നിയുക്ത അധികാരങ്ങൾക്ക് കീഴ്പെടുവാൻ കഴിയകയുള്ളൂ
- ദൈവത്തിന്റെ പരോക്ഷ അധികാരത്തിന് കീഴ്പെടാത്തവർക്ക് ദൈവത്തിന്റെ നേരിട്ടുള്ള അധികാരത്തിന് കീഴ്പെടുവാൻ കഴിയുകയില്ല.
- നാമെല്ലാവരും അധികാരത്തെ കണ്ടുമുട്ടുകയും, ദൈവത്താൽ നിയന്ത്രിക്കപ്പെടുകയും, അവന്റെ നിയുക്ത അധികാരത്താൽ നയിക്കപ്പെടുകയും വേണം

## പ്രപഞ്ചത്തിലെ രണ്ട് മഹത്തായ തത്ത്വങ്ങൾ

**III. പ്രപഞ്ചത്തിൽ രണ്ട് മഹത്തായ തത്ത്വങ്ങളുണ്ട്—ദൈവത്തിന്റെ അധികാരവും സാത്താന്റെ മത്സരവും; ദൈവവും സാത്താനും തമ്മിലുള്ള നിസ്തുലമായ തർക്കം അധികാരത്തെച്ചൊല്ലിയാണ്**

- മത്സരം എന്നത് ദൈവത്തിന്റെ അധികാരത്തെ നിഷേധിക്കുന്നതും ദൈവത്തിന്റെ ഭരണത്തെ നിരസിക്കുന്നതുമാണ്
    - സാത്താൻ ദൈവത്തിനെതിരെ മത്സരിക്കുകയും, ദൈവത്തിന്റെ എതിരാളിയായിത്തീരുകയും, തന്റെ സ്വന്തം രാജ്യം സ്ഥാപിക്കുകയും ചെയ്തു
    - മനുഷ്യൻ പാപം ചെയ്തപ്പോൾ, അവൻ ദൈവത്തിനെതിരെ മത്സരിക്കുകയും, ദൈവത്തിന്റെ അധികാരം നിഷേധിക്കുകയും ചെയ്തു
- ദൈവം ഈ മത്സരം തുടരാൻ അനുവദിക്കില്ല; അവൻ ഭൂമിയിൽ തന്റെ രാജ്യം സ്ഥാപിക്കും
- പ്രപഞ്ചത്തിലെ തർക്കത്തിന്റെ കേന്ദ്രം ആർക്കാണ് അധികാരമുള്ളത് എന്നതിനോട് ബന്ധപ്പെട്ടിരിക്കുന്നു
- മത്സരം എന്ന പാപം മറ്റേതൊരു പാപത്തേക്കാളും ഗൗരവമേറിയതാണ്

## നിയുക്ത അധികാരിയുടെ യോഗ്യതകൾ

**IV. അധികാരത്തോടുകൂടെ ദൈവത്തെ പ്രതിനിധീകരിക്കുന്ന ഒരാൾക്ക് (ഒരു നിയുക്ത അധികാരിക്ക്) താഴെപ്പറയുന്ന യോഗ്യതകൾ ഉണ്ടായിരിക്കണം**

**ഒരു നിയുക്ത അധികാരി:**

- അധികാരത്തിന് കീഴ്പെടണം
- തനിക്ക് തന്നിൽത്തന്നെ യാതൊരു അധികാരമില്ലെന്ന് തിരിച്ചറിയണം
- ദൈവഹിതം അറിയണം
- സ്വയത്തെ ത്യജിക്കുന്ന ഒരുവനായിരിക്കണം
- കർത്താവിനോട് ഒന്നായിരിക്കുകയും, കർത്താവുമായി നിരന്തരവും ഹൃദ്യവുമായ കൂട്ടായ്മയിൽ ജീവിക്കുകയും വേണം
- വ്യക്തിനിഷ്ഠനാകരുത്, തന്റെ സ്വന്തം വികാരത്തിനനുസരിച്ച് പ്രവർത്തിക്കുകയുമരുത്
- മറ്റുള്ളവരോട് ഇടപെടുന്നതിൽ ദയയുള്ളവനും കൃപാലുവും ആയിരിക്കണം
- ക്രിസ്തുവിന്റെ പുനരുത്ഥാന ജീവനിൽ ജീവിക്കുന്ന, പുനരുത്ഥാനത്തിലുള്ള ഒരു വ്യക്തിയായിരിക്കണം
- ദൈവമുമ്പാകെ ഒരു താഴ്ന്ന സ്ഥാനം എടുക്കണം
- കുറ്റാരോപണങ്ങൾ സഹിക്കുവാൻ കഴിയണം
- തന്റെ കഴിവില്ലായ്മയെയും അനുയോജ്യതയെയും കുറിച്ചുള്ള ബോധം അവനുണ്ടായിരിക്കണം
- ദൈവത്തെ ശരിയായി പ്രതിനിധീകരിക്കുന്ന ഒരുവനായിരിക്കണം

## അധികാരത്തിന്റെ പ്രാർഥന

**V. ഏറ്റവും പ്രധാനപ്പെട്ട പ്രാർഥനയും ഏറ്റവും ആത്മിക പ്രാർഥനയും അധികാരത്തിന്റെ പ്രാർഥനയാണ്**

**അധികാരത്തിന്റെ പ്രാർഥന:**

- അത് കല്പിക്കുന്ന പ്രാർഥനയാണ്
- അത് നാം അധികാരം പ്രയോഗിച്ചുകൊണ്ട് ബന്ധിക്കു കയും അഴിക്കുകയും ചെയ്യുന്ന പ്രാർഥനകളാണ്
- അത് ദൈവത്തോട് നേരിട്ട് അപേക്ഷിക്കുന്നില്ല; മറിച്ച്, മർക്കൊസ് 11:20-24-ലെ പ്രാർഥന പ്രാർഥിക്കുന്നതാണ്—അത് ദൈവത്തിന്റെ അധികാരം പ്രയോഗിച്ചു കൊണ്ട് അത് നേരിട്ട് പ്രശ്നങ്ങളോട് ("മലയോട്") ഇടപെടുന്നു
- അത് പാതാളത്തിന്മേൽ ഭരിക്കുന്നു
- നാം അധികാരത്തിന്റെ പ്രാർഥന പ്രാർഥിക്കണമെങ്കിൽ, ആദ്യം ദൈവത്തിന്റെ അധികാരത്തിന് നാം സ്വയം കീഴ്പെടണം;
- അധികാരത്തിന്റെ പ്രാർഥനയുടെ ആരംഭബിന്ദു സ്വർഗവും ലക്ഷ്യസ്ഥാനം ഭൂമിയുമാണ്. അത് ഒരു സ്വർഗീയ സ്ഥാനത്തുനിന്ന് ആരംഭിച്ച് സ്വർഗത്തിൽനിന്ന് താഴെ ഭൂമിയിലേക്ക് പോകുന്നു
- പ്രാർഥനയുടെ സ്ഥാനം ആരോഹണമാണ്, പ്രാർഥനയുടെ അധികാരവും ആരോഹണമാണ്; ആരോഹണത്തിലെ എല്ലാ പ്രാർഥനകളും അധികാരത്തിന്റെ പ്രാർഥനകളാണ്. ആ പ്രാർഥന ദൈവത്തിന്റെ ഭരണനിർവഹണത്തിനു തുല്യമായിരിക്കും; അത് അവന്റെ കല്പനകൾ നടപ്പിലാക്കുന്നതായിരിക്കും

- നമുക്ക് സ്വർഗീയ സ്ഥാനവും സ്വർഗീയ അധികാരവും ഉണ്ടായിരിക്കുകയും അങ്ങനെ ആധികാരമുള്ള പ്രാർഥനകൾ ഉച്ചരിക്കാൻ കഴിയുകയും ചെയ്യുന്ന ഒരു ഘട്ടത്തിൽ നാം എത്തുമ്പോൾ, നാം കർത്താവിനോടൊപ്പം വാണുകൊണ്ട് സിംഹാസനത്തിലാണ്
- നാം പഠിക്കാൻ മനസ്സുള്ളവരാണെങ്കിൽ, ദൈവത്തിന്റെ നിത്യോദ്ദേശ്യത്തിന്റെ പൂർത്തീകരണത്തിനായി അത്തരം പ്രാർഥനകൾ ഉച്ചരിക്കാൻ കഴിയുന്ന സ്ഥലത്ത് നാം എത്തിച്ചേരും